ICPS-SARA/0777/20

വനിത ശിശു വികസന വകുപ്പ്
ഐ.സി.പി.എസ്. - സാരാ,
പൂജപ്പുര, തിരുവനന്തപുരം.
തീയതി, 19.05.2020.

# <u>സർക്കുലർ</u>

വിഷയം:- വനിത ശിശു വികസന വകുപ്പ് - ICPS-SARA -അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ- സംബന്ധിച്ച്.

പരാമർശം:- 1. 25.02.2020 -ലെ സ.ഉ.(സാധാ) നം. 107/2020/സാ.നീ.വ. ഉത്തരവ്
2. 11.03.2020 -ലെ ഇതേ നമ്പർ താത്പര്യ പത്രം.

ദത്തെടുക്കൽ മേഖലയിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി പുതിയ അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 9 ജില്ലകളിൽ പുതിയ അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ചിരുന്നു. താത്പര്യ പത്രം പ്രകാരം ലഭിച്ച അപേക്ഷകളിൽ പരാമർശം (1) പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

1. ലഭിക്കുന്ന അപേക്ഷകൾക്ക് പരാമർശം (1) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. പരാമർശം (1) പ്രകാരമുള്ള മാനദണ്ഡങ്ങളുള്ള സ്ഥാപനങ്ങൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ ചേർന്ന് അന്വേഷണം നടത്തുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.
3. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.
4. ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി ശുപാർശ ചെയ്യുന്ന സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതാണ്.

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT

മെമ്പർ സെക്രട്ടറി
സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി &
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്